आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- പ്ലാൻ ഫണ്ട് 2024-25 - കമ്പ്യൂട്ടറൈസേഷൻ ആന്റ് മോഡേണൈസേഷൻ ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ച് കെ ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.7465/2024/ധന** **തീയതി,തിരുവനന്തപുരം, 07/10/2024**

പരാമർശം :- 1. 07/10/2023 ലെ സർക്കുലർ നം. ഐ.ടി-ബി1/121/2023-ഐ.ടി.ഡി
2. സ.ഉ.(സാധാ)നം. 70/2024/ഐ.ടി.ഡി തീയതി : 03/04/2024
3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14/08/2024 ലെ ഡി.കെ.എസ്.എ.2677/ഐ.ടി.സെൽ-2/2022 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തി വരുന്ന ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി എയിംസ്, ഐ.എൽ.ജി.എം.എസ് തുടങ്ങിയ സോഫ്റ്റ്‌വെയറുകളെ വകുപ്പ് ആശ്രയിക്കുന്നതിനാൽ ഓരോ ഓഫീസിന്റെയും സുഗമമായ പ്രവർത്തനത്തിന് ഹൈ സ്പീഡ് ഇന്റർനെറ്റ് ആവശ്യമായതിനാലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറേറ്റും ഉപകാര്യാലയങ്ങളും ഉൾപ്പെടെയുള്ള വകുപ്പിന്റെ എല്ലാ ഉപകാര്യാലയങ്ങളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്ന സാഹചര്യത്തിലും, കെ ഫോൺ പദ്ധതിയിലൂടെ നിലവിൽ ടെലഫോൺ സേവനങ്ങൾ ലഭ്യമാക്കാത്തതിനാൽ, വകുപ്പിന്റെ ടെലഫോൺ ആവശ്യങ്ങൾക്ക് നിലവിലുള്ള സംവിധാനങ്ങളെ/ ടെലഫോൺ ചെലവിനെ തുടർന്നും ആശ്രയിക്കേണ്ടതുണ്ട് എന്നതിനാലും കെ ഫോൺ നടപ്പിലാക്കുന്നതിനായി പ്രതിവർഷ ആവർത്തന തുകയും ഇംപ്ലിമെന്റേഷൻ തുകയും ഉൾപ്പെടെ ക്വോട്ട് ചെയ്തിട്ടുള്ള 21,35,720/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റിയിരുപത് രൂപ മാത്രം) പ്ലാൻ ഫണ്ട് 2024-25- കമ്പ്യൂട്ടറൈസേഷൻ ആന്റ് മോഡേണൈസേഷൻ ശീർഷകത്തിൽ നിന്നും വിനിയോഗിച്ച് കെ.ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം-3 പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തെ "കമ്പ്യൂട്ടറൈസേഷൻ ആന്റ് മോഡേണൈസേഷൻ (2054-00-098-88-00-34 മറ്റു ചെലവുകൾ)" എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും 21,35,720/- (ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റിയിരുപത് രൂപ മാത്രം) വിനിയോഗിച്ച് കെ.ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി. ജി**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന  ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം.എസ്റ്റാ.ഡി1/93/2024/ധന ഇ : 2884179)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ